LIBRARY ARCHIVES Kerala Legislative Assembly

ബചത്ത് വാന് പദ്ധതി

177 (4240) ശ്രീ. പി. സി. ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ.. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ബചത്ത് വാന്' എന്ന കേന്ദ്ര പദ്ധതി സംസ്ഥാനത്ത് നിലവിലുണ്ടോ ; എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് സംസ്ഥാനം വഹിക്കേണ്ട ചുമതലകൾ എന്തെല്ലാമാണ് ;

(സി) ഈ പദ്ധതിയിൽ സംസ്ഥാനത്തിന്റെ വിഹിതം എത്രയാണ് ; എന്നു മുതലാണ് സംസ്ഥാനത്ത് ഇത് നടപ്പാക്കി തുടങ്ങിയത് ; ആയത് വിജയകരമായി നടപ്പാക്കാൻ സാധിച്ചോ ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) പ്രസ്തുത പദ്ധതിയിൽ എത്ര ഉപഭോക്താക്കളെ ഉൾപ്പെടുത്താൻ കഴിഞ്ഞു ; ഈ പദ്ധതിയിലൂടെ എത്ര യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ കഴിഞ്ഞു ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിനുകീഴിലുള്ള ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി ഊർജ്ജ ലാഭവും കാർബൺ ക്രെഡിറ്റും ലക്ഷ്യമിട്ടു കൊണ്ട് തയ്യാറാക്കിയ പദ്ധതിയാണ് ബചത്ത് വാന് യോജന. കേരളത്തിൽ സംസ്ഥാന സർക്കാർ രൂപം കൊടുത്ത ഒന്നരക്കോടി സി.എഫ്.എൽ. വിതരണ പരിപാടി ബചത്ത് വാന് യോജന സ്കീമിൽപ്പെടുത്തി ഐക്യരാഷ്ട്രസഭയുടെ കാർബൺ ക്രെഡിറ്റ് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിനായി ബചത്ത് വാന് യോജനയുടെ നടപടിക്രമങ്ങൾക്കനുസൃതമായിട്ടാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഒന്നരക്കോടി സി.എഫ്.എൽ. വിതരണ പരിപാടി സംസ്ഥാനത്ത് പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. ഈ പദ്ധതി അനുസരിച്ച് 75 ലക്ഷത്തോളം വരുന്ന കേരളത്തിലെ ഗാർഹിക ഉപഭോക്താക്കൾക്ക് രണ്ട് 14 വാട്ടിന്റെ സി.എഫ്.എൽ. നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. ഉപഭോക്താവ് അവർ ഉപയോഗിച്ച് കൊണ്ടിരിക്കുന്ന രണ്ട് 60 വാട്ടിന്റെ സാധാരണ ബൾബും, 30 രൂപയും നൽകുമ്പോൾ ഇതിനായി സജ്ജീകരിച്ചിരിക്കുന്ന വിതരണ കേന്ദ്രത്തിൽ നിന്നും സി.എഫ്.എൽ. ലഭിക്കുന്നതാണ്. 8-7-2010-ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് 5511471 ഗാർഹിക ഉപഭോക്താക്കൾക്കായി 11022942 സി.എഫ്.എൽ. വിതരണം ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പൂർണ്ണമായും കെ.എസ്.ഇ.ബി.യുടെ സഹായത്തോടെ സംസ്ഥാന സർക്കാർ സ്ഥാപനമായ എനർജി മാനേജ്മെന്റ് സെന്ററാണ് നടപ്പാക്കുന്നത്.

(സി) കേരളത്തിലെ 75 ലക്ഷം ഗാർഹിക ഉപഭോക്താക്കൾക്കായി രണ്ട് സി.എഫ്.എൽ.-കൾ വീതം നൽകുന്നതിന് 95.94 കോടി രൂപയാണ് ചെലവ് കണക്കാക്കിയിരിക്കുന്നത്. അതിൽ സംസ്ഥാന സർക്കാർ വഴി 40 കോടി രൂപയും ബാക്കിവരുന്ന 55 കോടി രൂപ കെ.എസ്.ഇ.ബി. നിർദ്ദേശിക്കുന്ന ധനകാര്യ സ്ഥാപനത്തിൽ നിന്നോ, കെ.എസ്.ഇ.ബി. യിൽ നിന്നോ ലോൺ ആയിട്ടാണ് ലഭിക്കുന്നത്.

15-3-2010-ൽ ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നിയമസഭ കോപ്ലക്സ് പരിസരത്തിൽ വച്ച് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വി. എസ്. അച്യുതാനന്ദൻ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. ഉമ്മൻ ചാണ്ടിക്ക് സി. എഫ്. എൽ. നൽകിക്കൊണ്ട് നിർവ്വഹിക്കുകയുണ്ടായി. അതിനുശേഷം വിതരണം ആരംഭിക്കുകയും 8-7-2010-ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് ഏകദേശം 110 ലക്ഷം സി.എഫ്.എൽ. 55 ലക്ഷം ഗാർഹിക ഉപഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതിയിൽ കേരളത്തിലെ 75 ലക്ഷത്തോളം വരുന്ന ഗാർഹിക ഉപഭോക്താക്കളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി വഴി 200 മുതൽ 300 മെഗാവാട്ടിന്റെ വരെ വൈദ്യുതി ലാഭിക്കാൻ കഴിഞ്ഞിട്ടുണ്ട്.

സി.എഫ്. ലാമ്പ് പദ്ധതിക്ക് ലഭിച്ച സഹായം

178 (4241) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി.എഫ്.ലാമ്പ് പദ്ധതി നടപ്പാക്കുന്നതിന് സംസ്ഥാനത്തിന് കേന്ദ്ര സഹായമോ ലോക ബാങ്ക് സഹായമോ മറ്റേതെങ്കിലും ഏജൻസികളുടെ സഹായമോ ലഭ്യമായോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ ഏജൻസികളിൽ നിന്നും ലഭ്യമായ സഹായം എത്രയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഒന്നരകോടി സി.എഫ്.എൽ. വിതരണ പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര സഹായമോ ലോകബാങ്ക് സഹായമോ ലഭിച്ചിട്ടില്ല. ഈ പദ്ധതിയുടെ മുതൽമുടക്ക് പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ ഊർജ്ജ വകുപ്പിന് കീഴിലുള്ള എനർജി മാനേജ്മെന്റ് സെന്ററാണ് നടത്തുന്നത്. സംസ്ഥാന സർക്കാർ 40 കോടി രൂപ ഇതിനായി നൽകിയിട്ടുണ്ട്. 10 കോടി രൂപ കെ.എസ്.ഇ. ബോർഡ് വായ്പയായി എനർജി മാനേജ്മെന്റ് സെന്ററിന് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly